**File No.SJD/64/2020-D2**

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി :20/03/2020
Email -swdkerala@gmail.com
Phone : 0471 - 2306040

## സർക്കുലർ

വിഷയം: സാമൂഹ്യ നീതി വകുപ്പ് - കൊറോണ രോഗം പടരുന്ന സാഹചര്യത്തിൽ വകുപ്പിലെ ക്ഷേമസ്ഥാപനങ്ങളിൽ നിന്നും അവധിയിൽ പോയവരുടെ സ്ഥാപനത്തിലേയ്ക്കുള്ള പ്രവേശനം - നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന: ഈ കാര്യാലയത്തിലെ 13.03.2020 ലെ SJD/64/2020-D2 നമ്പർ കത്ത്.

സംസ്ഥാനത്ത് കൊറോണ രോഗവ്യാപനം തടയുന്നതിനായി നടപടികൾ സ്വീകരിച്ചു വരുന്ന സാഹചര്യത്തിൽ വകുപ്പിനു കീഴിലെ ക്ഷേമസ്ഥാപനങ്ങളിൽ സന്ദർശകരെ നിരോധിച്ചുകൊണ്ട് സൂചന പ്രകാരം നിർദ്ദേശം നൽകിയിരുന്നു. എന്നാൽ സ്ഥാപനങ്ങളിൽ നിന്നും അവധിയിൽ പോയവർ തിരികെ സ്ഥാപനത്തിൽ പ്രവേശിക്കുന്നതിനായി വരുന്നുണ്ടെന്നും, ഇവരെ തിരികെ സ്ഥാപനത്തിൽ പ്രവേശിപ്പിക്കുന്നത് സംബന്ധിച്ച നിർദ്ദേശം നൽകണമെന്നും വിവിധ സ്ഥാപന സൂപ്രണ്ടുമാർ ആവശ്യപ്പെട്ടിരിക്കുന്നു.

നിലവിലെ സാഹചര്യത്തിൽ സ്ഥാപനങ്ങളിൽ നിന്നും അവധിയെടുത്ത് വീട്ടുകളിൽ പോയ താമസക്കാരെ തിരികെ സ്ഥാപനങ്ങളിൽ പ്രവേശിപ്പിക്കുന്നത് നിലവിൽ സ്ഥാപനത്തിലെ താമസക്കാരുടെ സുരക്ഷിതത്വത്തെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ കൊറോണ രോഗാവസ്ഥ നിയന്ത്രണവിധേയമാകുന്നതുവരെ സ്ഥാപനങ്ങളിൽ നിന്നും അവധിയിൽ പോയവരെ അവരുടെ വീട്ടുകളിൽ തന്നെ താമസിപ്പിക്കുന്നതിനും, അതിനു ശേഷം തിരികെ സ്ഥാപനത്തിൽ പ്രവേശിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്ഥാപന സൂപ്രണ്ടുമാർ സ്വീകരിക്കേണ്ടതാണ്.

for സാമൂഹ്യനീതി ഡയറക്ടർ

എല്ലാ ജില്ലാ സാമൂഹ്യ നീതി ഓഫീസർമാർക്കും
എല്ലാ ക്ഷേമ സ്ഥാപന സൂപ്രണ്ടുമാർക്കും